പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 658 27-04-2017 ൽ മറുപടിക്ക്

## മാൻഹോളിൽ വീണ് മരണമടഞ്ഞവർക്ക് ധനസഹായം

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീ എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കാണക്കാരി പഞ്ചായത്തിൽ, മാൻ ഹോളിൽ വീണ് മരണമടഞ്ഞ ശ്രീ ദേവസ്യാ ചാക്കോ, ബിനോയ് ജോസഫ് എന്നിവർക്ക് സർക്കാർ പ്രത്യേക ധനസഹായം നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച ഫയൽ നിലവിലുണ്ടോ; ഈ ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) | മരണമടഞ്ഞ ദേവസ്യ ചാക്കോ, ബിനോയ് ജോസഫ് എന്നിവരുടെ കുടുംബത്തിന് രൂപ 1 ലക്ഷം വീതം അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയലിൽ നിലവിലുണ്ട്. ഈ വിവരങ്ങൾ കേന്ദ്ര സാമൂഹ്യ നീതി വകുപ്പിന് നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്പോൾ സർക്കാരിന്റെ പക്കലുള്ള 1171896/2017 ഫയലിൽ ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്ത മാക്കാമോ; ഈ ഫയൽ തീർപ്പാക്കാത്ത തിന്റെ കാരണം വ്യക്തമാക്കാമോ; 28/1/2017 ൽ ഈ ഫയൽ ഒറിജിനേറ്റ് ചെയ്തതിനു ശേഷം ഇതുവരെയുണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | ദേവസ്യ ചാക്കോ, ബിനോയ് ജോസഫ് ഉൾപ്പെടെ ഏകദേശം 12 ഓളം പേർക്ക് മാൻഹോൾ, സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്ന ജോലികൾക്കിടെ മരണം സംഭവിച്ചിട്ടുണ്ട്. ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ഈ വകുപ്പിൽ ഉള്ള ഫയലിന്റെ നമ്പർ 23794/ബി3/2013/പ.ജ.പ.വ.വി.വ എന്ന താണ്. പ്രസ്തുത ഫയലിൽ ആവശ്യപ്പെട്ട പ്രകാരം പട്ടികജാതി വികസന ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ തപാൽ നമ്പർ ആണ് 1171896 എന്നുള്ളത്. ഈ റിപ്പോർട്ട് കേന്ദ്ര സാമൂഹ്യ നീതി വകുപ്പ് ആവശ്യപ്പെട്ട ചിലവിവരങ്ങൾ സംബന്ധിച്ചുള്ളതാണ്. ഈ റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ ലഭ്യമായ വിവരങ്ങൾ കേന്ദ്രസർക്കാരിന് അറിയിക്കുകയും കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തിട്ടുണ്ട്. ഭരണപരമായ കാലതാമസം മാത്രമാണ് ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ളത്. |
| (സി) | പട്ടികജാതി വികസന ഡയറക്ടറേറ്റിൽ ഇതു സംബന്ധിച്ച് ഫയൽ നിലവിലുണ്ടോ; പ്രസ്തുത ഫയൽ സർക്കാരിന്റെ പരിഗണ നയ്ക്ക് അയച്ചിട്ടുണ്ടോ ; ഇക്കാര്യ ത്തിൽ കാലതാമസം നേരിട്ടിട്ടുണ്ടോ ;ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ടി. ഫയലിൽ സർക്കാർ നിർദ്ദേശ പ്രകാരം 1993 നും അതിനു ശേഷവും സെപ്റ്റിക് ടാങ്ക്, മാൻഹോൾ എന്നിവ വൃത്തിയാക്കുന്നതിനിടയിൽ മരണമടഞ്ഞ മുഴുവൻ വ്യക്തികളുടേയും ജില്ല തിരിച്ചുള്ള വിവരങ്ങളാണ് ശേഖരിക്കുവാനുണ്ടായി രുന്നത്. ഏകദേശം 24 വർഷത്തെ വിവരങ്ങൾ ജില്ലകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് സർക്കാരിൽ സമർപ്പിക്കു വാനുള്ള സമയം ആണ് ഇക്കാര്യത്തിൽ ഡയറക്ടറുടെ ഭാഗത്ത് വേണ്ടി വന്നിട്ടുള്ളത്. മന:പൂർവ്വമായ ഒരു കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ